പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 8228 17.7.2014 ന് മറുപടിയ്ക്ക്

## ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.എൻ പ്രതാപൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| (എ) ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടറൈസേഷൻ നടത്തിയിട്ടുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതുവഴി ചുവടെപ്പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത്.<br>1) വകുപ്പിൽ നിന്നുള്ള സേവനങ്ങൾ പൊതുജനങ്ങൾ ,ഫാക്ടറി തൊഴിലാളികൾ, മാനേജ്മെന്റ് എന്നിവർക്ക് വേഗത്തിൽ ലഭ്യമാക്കുക.<br>2) ഓഫീസ് ജോലികൾ വേഗത്തിലാക്കുക.<br>3) ഇ-ഗവേണൻസ് നടപ്പിലാക്കുക. |
| (സി) എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്കും ഫാക്ടറി മാനേജ്മെന്റിനും ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) വകുപ്പിന്റെ സേവനങ്ങൾ വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. രജിസ്ട്രേഷൻ, റിന്യുവൽ, ക്യാൻസലേഷൻ, വാർഷിക അർദ്ധവാർഷിക റിട്ടേണുകൾ എന്നിവ സമർപ്പിക്കൽ, അപേക്ഷകൾ സമർപ്പിക്കൽ, ഇ-പേയ്മെന്റ് സംവിധാനം തുടങ്ങിയ സേവനങ്ങൾ ഇതിലൂടെ ലഭ്യമാണ്. കൂടാതെ Boiler Attendant Exam(2nd & 1st Class), Boiler Operation Engineers Exam എന്നിവയുടെ അപേക്ഷ, ഫീസ് എന്നിവ |

ഓൺഅലൈൻ വഴി സ്വീകരിക്കുക, ഹാൾ ടിക്കറ്റ് , പരീക്ഷ, ഫലം ഇവ നേരിട്ട് അപേക്ഷകനെ അറിയിക്കുക എന്നീ സേവനങ്ങളും ഓൺലൈൻ വഴി ലഭ്യമാകുന്നതാണ്.

(ഡി)ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഓൺലൈൻ സേവനത്തിനായി വകുപ്പിന്റെ സോഫ്റ്റ് വെയർ പരിഷ്കരിക്കുകയും ഇ.പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ